കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി.3/824/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

കൊല്ലം ജില്ല
തീയതി – 19.10.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചടയമംഗലം ബ്ലോക്ക്പഞ്ചായത്ത് - 2018-2019 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തികവർഷത്തെ ധനകാര്യപത്രികകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ,കൊല്ലം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി.3/824/2020, തീയതി – 19.10.2020

## കൊല്ലംജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04-11-2018 മുതൽ 31.03.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. പി മാത്യുറോയ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06-07-2020 മുതൽ 21-07-2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി. സജികുമാർ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. രാജൻ വി. ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീ. സി. ചന്ദ്രപ്രകാശ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ. |

### (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അരുണാദേവി. എസ്. | 01.04.2018 മുതൽ<br>31-03-2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| സെക്രട്ടറി | ശ്രീമതി. ബീനാകുമാരി. റ്റി | 01-04-2018 മുതൽ |

| | | |
|---|---|---|
| | | 07-06-2018 വരെ |
| | ശ്രീ. ജോർജ്ജ് അലോഷ്യസ് | 07-06-2018 മുതൽ<br>23-01-2019 വരെ |
| | ശ്രീ. വിമൽ ചന്ദ്രൻ. ആർ | 23-01-2019 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. മാധുരി. കെ. ജി. | 01-04-2018 മുതൽ<br>31-03-2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. രശ്മി | 01-04-2018 മുതൽ<br>20-10-2018 വരെ<br>&11-01-2019 മുതൽ<br>31-03-2019 വരെ |
| | ശ്രീ. ഷാരോൺ ബിൻ റഷീദ് | 20-10-2018 മുതൽ<br>02-11-2018 വരെ |
| | ശ്രീ. ഷാലു ആർ. എഫ് | 02-11-2018 മുതൽ<br>10-01-2019 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ<br>ഓഫ് അഗ്രിക്കൾച്ചർ. | ശ്രീ. ലിജു ജോൺ | 01-04-2018 മുതൽ<br>09-04-2018 വരെ |
| | ശ്രീമതി. വി. എസ്. രാജലക്ഷ്മി | 10-04-2018 മുതൽ<br>31-03-2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി. നസീറാ ബീവി. എം | 01-04-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി,<br>കടയ്ക്കൽ. | ഡോ. രാകേഷ്. എം. വി | 01-04-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ,<br>നിലമേൽ.സി.എച്ച്.സി | ഡോ. രാജ് കപൂർ. ഡി | 01-04-2018 മുതൽ<br>26-12-2018 വരെ |
| | ഡോ. രാധാകൃഷ്ണപിള്ള | 27-12-2018 AN മുതൽ<br>10-03-2019 വരെ |
| | ഡോ. ശശി. കെ | 11-03-2019 മുതൽ<br>31-03-2019 വരെ |
| പട്ടികജാതി<br>വികസന ഓഫീസർ. | ശ്രീ. ജോൺ മാത്യു | 01-04-2018 മുതൽ<br>31-03-2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. പൗർണ്ണമി. സി. വി | 01-4-2018 മുതൽ<br>31-03-2019 വരെ |
| വ്യവസായ<br>വികസന ഓഫീസർ | ശ്രീ. എം. എസ്. ബിജു | 01-4-2018 മുതൽ<br>23-05-2018 വരെ |
| | ശ്രീ. സുബിൻ. എ | 24-05-2018 മുതൽ |

| | | |
|---|---|---|
| | | 02-06-2018 വരെ |
| | ശ്രീ. ടോണി. റ്റി | 03-06-2018 മുതൽ<br>31-03-2019 വരെ |
| സി.എച്ച്.സി,<br>വെളിനെല്ലൂർ | ഡോ. കെ. ശശി | 01-4-2018 മുതൽ<br>11-03-2019 വരെ |
| | ഡോ. സിന്ധു. പി | 11-3-2019 മുതൽ<br>31-03-2019 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-12 |
| 13 | നിലമേൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക ഈടാക്കുന്നതിലെയും ജില്ലാ പഞ്ചായത്ത് വിഹിതം അടവാക്കുന്നതിലെയും അപാകതകൾ | 1-13 |
| 14 | സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റ് - മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ പൊതു മാർക്കറ്റിൽ നിന്നും വാങ്ങിയത് ഉയർന്ന തുകയ്ക്ക്. | 1-14 |
| 15 | ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം. മരുന്നുകൾ/റിയേജന്റ്സ് ലഭ്യമാകാൻ ശേഷിക്കുന്നു | 1-15 |
| 16 | സ്വച്ഛതാ ഹീ സേവാ മിഷൻ - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-16 |
| 17 | ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു | 1-17 |
| 18 | കറവപ്പശു വിതരണം-വ്യക്തിഗതം- അധികനിരക്കിൽ സബ്സിഡി നല്കി- 172500/- രൂ തടസ്സത്തിൽ വയ്ക്കുന്നു | 1-18 |
| 19 | ലൈഫ് പദ്ധതികളിലുൾപ്പെട്ട വീടുകൾ പൂർത്തീകരിച്ചിട്ടില്ല. | 1-19 |
| 20 | കുടിവെള്ള പദ്ധതിക്കായി കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, 34,31,628/- രൂപാ തടസ്സപ്പെടുത്തുന്നു. | 1-20 |
| 21 | ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് | 1-21 |

| | | |
|---|---|---|
| | ഒടുക്കുവരുത്തിയിട്ടില്ല.248368 രൂപാ തടസ്സപ്പെടുത്തുന്നു | |
| 22 | ബ്ലോക്ക് ഓഫീസിന് ഡയസ് നിർമ്മാണവും ഫർണീച്ചറും, അപാകതകൾമൂലം 588400 രൂപാ തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-23 |
| 24 | കള്ളിക്കാട് ആറ്റൂർക്കോണം റോഡ് നിർമ്മാണം , ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല, 52,297 രൂപാ തടസ്സപ്പെടുത്തുന്നു. | 1-24 |
| 25 | ഇട്ടിവാ പഞ്ചായത്തിൽ പാറക്കടവ് തോട്ടമുക്ക് വാർഡിലെ പ്രണവം ഗ്രന്ഥശാലാ ബലപ്പെടുത്തലും റൂഫിംഗും, പ്രവൃത്തി ഒന്നാം ഭാഗികബിൽ നല്കിയതിനുശേഷം തുടർ നിർമ്മാണം നടത്തിയിട്ടില്ല, 105318 രൂപാ തടസ്സപ്പെടുത്തുന്നു. | 1-25 |
| | ഭാഗം-2 | |
| | ഇല്ല. | |
| | ഭാഗം-3 | |
| | ഇല്ല. | |
| | ഭാഗം-4 | |
| 26 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 27 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 28 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 32 | ഓഡിറ്റ് റിക്കവറി | 4-7 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 37 | സാക്ഷ്യപത്രം - 2018-19 | അനുബന്ധം-1 |
| 38 | അനുബന്ധ പത്രികകൾ | അനുബന്ധം-2 |

## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

14-03-2018 തീയതിയിലെ I(1) നമ്പർ തീരുമാനപ്രകാരം 2018-2019 ലെ ബജറ്റ് അംഗീകരിച്ചു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 25-05-2019 | - | - |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,76,26,396 |
| വരവ് | 17,24,47,951 |
| ആകെ | 22,00,74,347 |
| ചെലവ് | 16,71,36,251 |
| നീക്കിയിരിപ്പ് | 5,29,38,096 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACRപ്രകാരം) | | 0 | 6,09,68,000 | 6,09,68,000 | 5,79,50,513 | 30,17,487 |
| വികസനഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 23149000 | 23149000 | 19702872 | 3446128 |
| വികസനഫണ്ട്-ടി.എസ്.പി (ACRപ്രകാരം) | | 0 | 925000 | 925000 | 344834 | 580166 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 6933000 | 6933000 | 6728890 | 204110 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 0 | 0 | 0 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | വാർഷിക ധനകാര്യ പത്രികയിൽ തുക ഉൾപ്പെട്ടിട്ടില്ല | | | | |
| ഐ.എ.വൈ | | 36329680 | 18130654 | 54460334 | 40688850 | 13771484 |
| ഡബ്ല്യൂ.ജി.ഡി.പി | | 2,25,975 | 5218 | 231193 | 231193 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എസ്.ജി.എസ്.വൈ | | 7892 | 182 | 8074 | 8074 | 0 |
| റ്റി.എസ്.സി | | 1090828 | 161341 | 1252169 | 112080 | 1140089 |
| ഹരിയാലി | | 1728191 | 71410 | 1799601 | 0 | 1799601 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | 0 | 0 | 0 | 0 | 0 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 453790 | 4084110 | 4537900 | 3899797 | 638103 |
| | ജില്ലാ പഞ്ചായത്ത് | | | | | |
| ബിഫണ്ട് | | 0 | 0 | 0 | 0 | 0 |
| തനത്ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2225686 | 958190 | 3183876 | 1126571 | 2057305 |
| | ട്രഷറിഅക്കൗണ്ട് | 34,57,137 | 56353679 | 59810816 | 29685746 | 30125070 |

വാർഷിക കണക്കുകൾ പ്രകാരമുള്ള മുൻബാക്കി -833879 ആണ്. ലഭ്യമാക്കിയ മുൻബാക്കിയും AFS 40(a) പ്രകാരമുള്ള മുൻബാക്കിയും പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റിന് ആധികാരികമാക്കി ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള തുകകൾ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2018-19 | 109 | 13,37,17,289 | 67 | 8,51,11,210 | 23 | 19 | 61 |

1-6 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രികയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-07-2020-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

1. ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
2. അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ടെങ്കിലും അതത് ദിവസത്തെ വരവുകൾ കൃത്യമായി ഡെ ബുക്കിൽ എൻട്രി വരുത്തുന്നില്ല. വരവ് തുകകൾ യഥാസമയം പിരിച്ചെടുക്കുന്നില്ല. ഇത് സംബന്ധിച്ച രേഖകളോ രജിസ്റ്ററുകളോ പരിപാലിക്കുന്നില്ല.

3. മാന്വൽ രസീത് നൽകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പാലിക്കുന്നില്ല. സാംഖ്യ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.

4. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകളിൽ വരവുകൾ സ്വീകരിക്കുന്നില്ല, കൈകൊണ്ടെഴുതുന്ന രസീതുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്.

5. സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

6. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

7. ചെലവു വൗച്ചറുകളിൽ വിവരിക്കുന്ന ചെലവുകൾക്കനുബന്ധമായ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

8. ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധന ചെലവെന്നും റവന്യൂ ചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

9. സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പറുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

10. മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

11. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04-10-2019 | 2018-19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2020 | 01-02-2019 മുതൽ 29-02-2020 വരെ |

1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. Capital work in Progress ഹെഡിൽ ഉൾപ്പെടുത്തേണ്ട Project No. 32/18 ലെ പാർട്ട് ബിൽ തുകയായ 619532/- രൂപയും Project No. 76/18 ലെ പാർട്ട് ബിൽ തുകയായ 18051/- രൂപയും ഉൾപ്പെടുത്തിയിട്ടില്ല.

2. RP -36 other liabilities 350100301 എന്ന ഹെഡിൽ Beneficiary Commitee Convenor's Control Account – ൽ 7205501/- രൂപ ചെലവ് കാണിച്ചിട്ടുണ്ട്. എന്നാൽ Ledger- ൽ 350100301 ൽ 7988931 രൂപ ആണ് കാണിച്ചിട്ടുള്ളത്.

3. സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി തുടങ്ങിയ അക്കൗണ്ടിൽ നിന്നും നീക്കിയിരിപ്പായി 638103 രൂപ കാണിച്ചിരിക്കുന്നത്. ഏത് ഇനത്തിലുള്ള നീക്കിയിരിപ്പാണെന്ന് ബോദ്ധ്യപ്പെട്ടിട്ടില്ല.

4. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും വാർഷിക ധനകാര്യ പത്രിക പരിശോധനാ റിപ്പോർട്ടിലും വാടക, കുടിശ്ശിക സഹിതം ഈടാക്കുന്നതിനെ സംബന്ധിച്ച പരാമർശം ഉണ്ടെങ്കിലും 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലും കുടിശ്ശിക തുക ഡിമാന്റ് ചെയ്തിട്ടില്ല. 2018-19 വർഷത്തെ വാടക വരവായ 50,000/- രൂപ കുറച്ചുള്ള തൻവർഷ

ഡിമാന്റിന്റെ ബാലൻസ് മാത്രമാണ് (2,38,000) ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ളത്. കുടിശ്ശിക ഡിമാന്റ് ചെയ്തിട്ടില്ല.

5. 2018-19 വർഷം വാടക ഇനത്തിൽ വരവ് വന്ന 50,000/- രൂപയിൽ (RP-43-431400101) ജില്ലാ പഞ്ചായത്ത് വിഹിതം (50000 രൂപയുടെ 60% – 30000/- രൂപ) ജില്ലാപഞ്ചായത്തിന് നൽകാനുള്ള ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.
6. ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മുൻബാക്കി, വരവ് – ചെലവ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

1-12 രസീത് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഒരു രസീത് ബുക്ക് തന്നെ (നം. 296) 2017-2018, 2018-2019, 2019-2020 സാമ്പത്തിക വർഷങ്ങളിൽ ഉപയോഗിച്ചുവരുന്നു.
2. മാനുവൽ രസീത് ബുക്കിന് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. സ്റ്റോക്ക് പരിശോധനയിൽ 296 കൂടാതെ 297, 298, 299, 300 രസീത് ബുക്കുകളും 642, 900 നമ്പർ ഉള്ള രണ്ട് രസീത് ബുക്കും സ്റ്റോക്കിൽ കാണുന്നു.
3. സാംഖ്യാ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും വാടക ഉൾപ്പടെയുള്ള വരവുകൾക്ക് ഉപയോഗിച്ച രസീതിന്റെ 2018-2019 സാമ്പത്തിക വർഷത്തെ കൗണ്ടർ ഫോയിൽ സൂക്ഷിച്ചിരിക്കുന്നത് കൈകൊണ്ട് എഴുതിയ നിലയിലാണ്. 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ പരാമർശം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പരിഹരിക്കുന്നതിനുള്ള നടപടി 2018-19 വർഷം സ്വീകരിച്ചിരുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2020-2021 മുതൽ ഓരോ സാമ്പത്തിക വർഷവും പ്രത്യേകം രസീത് ബുക്ക് ഉപയോഗിക്കുന്നതാണെന്നും പ്രിന്റർ തെളിയാതിരുന്നതിനാലാണ് കൈകൊണ്ട് എഴുതി സൂക്ഷിച്ചിരിക്കുന്നത് എന്നും സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്നും ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-13 നിലമേൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വാടക ഈടാക്കുന്നതിലെയും ജില്ലാ പഞ്ചായത്ത് വിഹിതം ഒടുക്കിയതിലെയും അപാകതകൾ

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിലമേലിൽ ഒരു മിനിവ്യവസായകേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ചാണ് ഈ ഭൂമിയിൽ വ്യവസായ കേന്ദ്രത്തിനാവശ്യമായ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. എട്ട് യൂണിറ്റുകൾ/കടമുറികളിലായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. നിലവിൽ 1 മുതൽ 6 വരെ യൂണിറ്റുകളിൽ ശ്രീ. ആർ. എസ്. ലാൽ എന്നയാളുടെ വ്യവസായ യൂണിറ്റും 7, 8 കടമുറികളിൽ ശ്രീ. അഭിലാഷ് മാധവന്റെ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

ജില്ലാ പഞ്ചായത്ത് മുഖേന ജില്ലാ വ്യവസായ ഓഫീസറാണ് വാടകക്കാരുമായി എഗ്രിമെന്റ് ചമയ്ക്കുന്നത്. വാടക പിരിവിന്റെ 60% ജില്ലാ പഞ്ചായത്തിനും 40% ബ്ലോക്ക് പഞ്ചായത്തിനുമാണ്. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശത്തെ തുടർന്ന് വാടകക്കാരനായിരുന്ന ശ്രീ. ആർ. എസ് ലാൽ 50,000 രൂപ അടച്ചിട്ടുണ്ട്. 2018-2019 വർഷം വ്യവസായ യൂണിറ്റുകളുടെ വാടക ഈടാക്കുന്നതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജില്ലാ പഞ്ചായത്തുമായി വാടകക്കാർ 2018-2019 വർഷം വാടക പുതുക്കി ചമച്ച എഗ്രിമെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ കരാറിന്റെ പകർപ്പ് ബ്ലോക്ക് പഞ്ചായത്തിന് ജില്ലാ പഞ്ചായത്ത് നൽകിയിട്ടില്ല. 2018-19 സാമ്പത്തിക വർഷം വരെ വാടക ഇനത്തിൽ ലഭിക്കാനുള്ള തുകയുടെ വ്യക്തത പരിശോധിക്കുന്നതിന് വാടക രജിസ്റ്റർ, എഗ്രിമെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. അതിനാൽ തന്നെ എത്ര രൂപ 2018-19 വർഷം കുടിശ്ശികയുണ്ടെന്നും തൻവർഷ ഡിമാന്റ് എത്രയെന്നും വ്യക്തമല്ല.
2. 2018-2019 മാർച്ചിൽ വാടക കുടിശ്ശിക ഇനത്തിൽ ലഭ്യമായ 50000 രൂപയുടെ 60% ജില്ലാ പഞ്ചായത്തിന് നൽകിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ അത് ലയബിലിറ്റിയായി കാണിച്ചിട്ടില്ല.
3. വാടക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
4. 1 മുതൽ 4 വരെ മുറികളിൽ വാടകക്കാരനായിരുന്ന ശ്രീ. രാജേന്ദ്രനും 5, 6 മുറികളിലെ വാടകക്കാരനായ ശ്രീ. കണ്ണംകോട് സുധാകരനും വാടക കുടിശ്ശിക വരുത്തിയതിനാൽ ടിയാരെ ഒഴിപ്പിക്കുകയും ഇവരുടെ വാടക കുടിശ്ശിക ശ്രീ. ആർ. എസ്. ലാൽ അടവാക്കിയതിനാൽ 1-6 വരെയുള്ള കടമുറി ശ്രീ. ആർ. എസ്. ലാലിന് അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്ന് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. കുടിശ്ശിക എത്ര രൂപയാണെന്നോ ഈ ഇനത്തിൽ എത്ര രൂപയാണ് ശ്രീ. ആർ. എസ്. ലാൽ ഒടുക്കുവരുത്തിയത് എന്നോ വ്യക്തമല്ല. തൻവർഷം ശ്രീ. ആർ. എസ്. ലാൽ ഒടുക്കുവരുത്തിയ 50,000/- രൂപ കുടിശ്ശികയാണോ തൻവർഷത്തെ വാടക വരവാണോ എന്ന് വ്യക്തമല്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 11.03.2019ൽ വാടക അടവാക്കുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കരാറുകാരന് കത്ത് നൽകിയതിന്റെ രേഖകൾ ഹാജരാക്കുകയും കുടിശ്ശിക ഉൾപ്പെടെ വാടക ഈടാക്കുന്നതിലേക്കായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. അപ്രകാരം വാടക രജിസ്റ്റർ പരിപാലിച്ച് കുടിശ്ശിക വാടക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ജില്ലാ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിൽ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-14 സെക്കന്ററി പാലിയേറ്റീവ് കെയർ യൂണിറ്റ് - മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ പൊതു മാർക്കറ്റിൽ നിന്നും ഉയർന്ന വിലയ്ക്ക് വാങ്ങി.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.-124/2018-2019 |
| പദ്ധതിയുടെ പേര് | വെളിനല്ലൂർ സി.എച്ച്.സിയ്ക്ക് പാലിയേറ്റീവ് കെയർ യൂണിറ്റ് |
| ഫണ്ട്, അടങ്കൽ തുക | വികസന ഫണ്ട്, 3,00,000/- രൂപ |

| | |
|---|---|
| ചെലവ് - ബിൽ നമ്പർ, തീയതി | 04/2018-2019/24.01.2019, 3,00,000/- രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വെളിനെല്ലൂർ |

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വെളിനെല്ലൂർ നിർവ്വഹണം നടത്തിയ 2018-2019 സാമ്പത്തിക വർഷം വെളിനല്ലൂർ സി.എച്ച്.സി.യുടെ പാലിയേറ്റീവ് കെയർ യൂണിറ്റ് എന്ന പദ്ധതി പ്രകാരം കിടപ്പിലായ പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായ മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലുണ്ട്. പകരം പൊതുമാർക്കറ്റിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങിയതിനാൽ നഷ്ടമുണ്ടായിരിക്കുന്നു. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എം.എസ്.സി.എല്ലിൽ നിന്നോ മറ്റൊരു പൊതുമേഖലാ സ്ഥാപനമായ സിഡ്കോയിൽ നിന്നോവാങ്ങുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ട്. എന്നാൽ ഇതിന് വിരുദ്ധമായി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പോലും വാങ്ങാതെ പൊതുമാർക്കറ്റിൽ നിന്നും വാങ്ങുന്നതിന് പദ്ധതി രൂപീകരിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ടെന്റർ നടപടികളിലൂടെ ജെ.എസ്. ഡിസ്ട്രിബ്യൂട്ടേഴ്സ്, അഞ്ചൽ നിന്നും വാങ്ങിയ വില യൂണിറ്റ് പ്രൈസ് | വാങ്ങിയ എണ്ണം | ആകെ തുക (വിവിധ ടാക്സ് ഉൾപ്പെടെ) (രൂപ) |
|---|---|---|---|---|
| 1. | വീൽ ചെയർ | 8000 | 12 | 1,00,800.00 |
| 2. | വാട്ടർ ബെഡ് | 4419.70 | 15 | 74,250.96 |
| 3. | എയർ ബെഡ് | 4419.70 | 5 | 74,250.96 |
| 4. | വാക്കർ (ഫോൾഡിംഗ്) | 1828.60 | 18 | 34,560.54 |
| 5. | എൽബോ ക്രച്ചസ് | 1857.20 | 6 | 11,700.36 |
| | ആകെ തുക | | | 2,95,563 |

ഈ ഇനങ്ങൾ പൊതുമേഖലാ സ്ഥാപനമായ കെ.എം.എസ്.സി.എല്ലിൽ നിന്ന് വാങ്ങിയിരുന്നെങ്കിൽ ലഭ്യമാകാമായിരുന്ന തുക (താരതമ്യ പഠനം)

| ക്രമ നമ്പർ | ഇനം | ടെന്റർ നടപടികളിലൂടെ ജെ.എസ്. ഡിസ്ട്രിബ്യൂട്ടേഴ്സ്, അഞ്ചൽ നിന്നും വാങ്ങിയ വില (ഒരെണ്ണത്തിന്റെ വില) (രൂപ) | കെ.എം.എസ്.സി.എൽ സെല്ലിംഗ് പ്രൈസ് (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|
| 1. | വീൽ ചെയർ | 8000 | 4385 | 3615 |
| 2. | വാട്ടർ ബെഡ് | 4419.70 | 909.87 | 3509.83 |
| 3. | എയർ ബെഡ് | 4419.70 | 2599.79 | 1819.91 |
| 4. | വാക്കർ (ഫോൾഡിംഗ്) | 1828.60 | വെബ്സൈറ്റിൽ വില ലഭ്യമല്ല | - |
| 5. | എൽബോ ക്രച്ചസ് | 1857.20 | വെബ്സൈറ്റിൽ വില ലഭ്യമല്ല | - |

മേൽ പട്ടികയിൽ നിന്നും പൊതുമേഖലാ സ്ഥാപനമായ കെ.എം.എസ്.സി.എല്ലിൽ നിന്നും ടെന്റർ നടപടി കൂടാതെ തന്നെ ഉപകരണങ്ങൾ വാങ്ങിയിരുന്ന എങ്കിൽ കൂടുതൽ ഉപകരണങ്ങൾ വാങ്ങാമായിരുന്നു/തുക ലാഭിക്കാമായിരുന്നു.

കൂടാതെ ഈ നാല് ഉപകരണങ്ങൾ വാങ്ങിയതിൽ അധികം വന്ന തുക 4,437 രൂപ ജെ.എസ്. ഡിസ്ട്രിബ്യൂട്ടേഴ്സ്, അഞ്ചൽ നിന്നും 15 യൂറോ ബാഗ് വാങ്ങുന്നതിനായി വിനിയോഗിച്ചിരിക്കുന്നു. ഈ ഇനം വാങ്ങുന്നതിനായി ടെന്റർ നടപടിയിൽ സൂചിപ്പിച്ചിരുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ ഒഴിവാക്കി പൊതുമാർക്കറ്റിൽ നിന്നും മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയതിനും ക്വട്ടേഷൻ/ടെന്റർ നടപടി കൂടാതെ യൂറോ ബാഗ് വാങ്ങിയതിനും മതിയായ വിശദീകരണം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/15.07.2020 |
| തടസ്സപ്പെടുത്തിയ തുക | 3,00,000/- രൂപ |

1-15 ഡയാലിസിസ് യൂണിറ്റ് - മരുന്നുകൾ/റി-ഏജന്റ്സ് ലഭ്യമാകാൻ വൈകുന്നു.

| | | |
|---|---|---|
| പദ്ധതി നമ്പർ | എസ്.-38/2018-2019 | |
| പദ്ധതിയുടെ പേര് | ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം. | |
| ഫണ്ട്, അടങ്കൽ തുക | മെയിന്റനൻസ് ഗ്രാന്റ് | 10,00,000 |
| ചെലവ് - ബിൽ നമ്പർ, തീയതി | 06/2018-2019 /22.0.2019 | 10,00,000 |

സൂപ്രണ്ട്, കടയ്ക്കൽ താലൂക്ക് ആശുപത്രി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-2019 സാമ്പത്തിക വർഷം നടപ്പാക്കിയ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകളിലേക്ക് ആവശ്യമായ മരുന്നു വാങ്ങൽ പദ്ധതിയിൽ പി.ആർ.എഫ്. 3995/21.01.2019 പ്രകാരമുള്ള മരുന്നുകൾ/റി-ഏജന്റുകൾക്കായി കെ.എം.സി.എല്ലിന് 10,00,000/- രൂപ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | തുക (രൂപ) |
|---|---|---|
| 1 | 3317/20.04.2019 | 1,93,126 |
| 2 | 8060/15.07.2019 | 14,802 |
| 3 | 21992/06.08.019 | 25,773 |
| 4 | 22210/07.08.2019 | 19,826 |
| 5 | 24857/22.08.2019 | 33,904 |
| 6 | 25213/24.08.2019 | 7,142 |
| 7 | 27183/04.09.2019 | 79,405 |
| 8 | 29098/16.09.2019 | 28,824 |
| 9 | 23091/12.08.2019 | 14,934 |
| | ആകെ | 4,17,736 |

ഈ പട്ടിക പ്രകാരം 5,82,264/- രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ ശേഷിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 13/15.07.2020 |

1-16 'സ്വച്ഛതാ ഹീ സേവാ മിഷൻ' - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് 2018 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ശുചിത്വ മിഷന്റെ സ്വച്ഛതാ ഹീ സേവ പദ്ധതിക്കായി ചെലവഴിച്ച 19,940/- രൂപയുടെ ചെലവ് രേഖകൾ (ചെക്ക് നമ്പർ 072507 തീയതി 19.10.2018) ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചെലവുകളുടെ വൗച്ചർ കണ്ടെത്തി സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വൗച്ചർ/രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 07/07.07.2020 |
| തടസ്സപ്പെടുത്തിയ തുക | 19940/- രൂപ |

1-17 ലൈഫ് പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ്തുക തടസ്സത്തിൽ വയ്ക്കുന്നു

2018-19 ൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവനനിർമ്മാണം (ജനറൽ)-111/2018-19; ലൈഫ് ഭവനനിർമ്മാണം (എസ്.സി.പി)-112/2018-19 എന്നീ പദ്ധതികളിലായി ബ്ലോക്ക് പരിധിയിൽപ്പെടുന്ന എട്ട് ഗ്രാമപഞ്ചായത്തുകൾക്കായി വിഹിതം നല്കിയിരുന്നു. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധ രേഖകളുടെയും അടിസ്ഥാനത്തിലും മൂന്ന് പഞ്ചായത്തുകൾ വിനിയോഗസാക്ഷ്യപത്രം പൂർണ്ണമായും ലഭ്യമാക്കാത്ത സാഹചര്യത്തിലും ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പഞ്ചായത്ത് | നല്കിയ തുക | | UC ലഭ്യമായ തുക | | UC ലഭ്യമാകാൻ അവശേഷിക്കുന്ന തുക | |
|---|---|---|---|---|---|---|---|
| | | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) | ലൈഫ് (ജന) | ലൈഫ്(scp) |
| 1 | ചിതറ | 4761752/- | 2284454/- | 4140000/- | 2280000/- | 621752/- | 4454/- |
| 2 | കടയ്ക്കൽ | 1064929/- | 435406/- | 0 | 0 | 1064929/- | 435406/- |
| 3 | നിലമേൽ | 471611/- | 174162/- | 470000/- | 174162/- | 1611/- | 0 |
| ആകെ | | | | | | 1688292/- | 439860/- |
| (ലൈഫ് ജനറൽ& ലൈഫ് SCP) | | | | | | 2128152/- രൂപ | |

എൻക്വയറി നമ്പർ – 11/15.7.2020

തടസ്സപ്പെടുത്തിയ തുക – 2128152/- രൂപ

1-18 കറവപ്പശു വിതരണം-വ്യക്തിഗതം- അധികനിരക്കിൽ സബ്സിഡി നല്കി- 172500/-രൂ

തടസ്സത്തിൽ വയ്ക്കുന്നു

1) പ്രോജക്റ്റ് നം-132/19, കറവപ്പശു വിതരണം-വ്യക്തിഗതം

ഫണ്ട്- വികസനഫണ്ട് ജനറൽ – അടങ്കൽ തുക – 20,00,000/- രൂപ

ചെലവ് – 15,40,000/- രൂപ

ക്ഷീരവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കറവപ്പശു വിതരണം-വ്യക്തിഗതം' എന്ന പദ്ധതി വഴി 53 ക്ഷീര കർഷകർക്ക് കറവപ്പശുക്കളെ വാങ്ങിയതിനുള്ള സബ്സിഡി തുക 27,500/- രൂപ നിരക്കിൽ 14,57,500/- രൂപ പശുവിനെ വിറ്റവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പദ്ധതി പരിശോധനയിൽ 50,000/- രൂപയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുള്ളതായ പശുക്കളെ വാങ്ങിയതിന് ഉരുവൊന്നിന് 50% സബ്സിഡിയായ 25,000/- രൂപ നല്കുന്നതിന് പകരമാണ് 27,500/- രൂപ നല്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/തീ | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കേണ്ട തുക (രൂപ) | അധിക ചെലവ് (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 25/18-19/18.3.19 | 82500/- | 75000/- | 7500/- | 3 |
| 2 | 28/18-19/18.3.19 | 82500/- | 75000/- | 7500/- | 3 |
| 3 | 29/18-19/18.3.19 | 55000/- | 50000/- | 5000/- | 2 |
| 4 | 30/18-19/18.3.19 | 55000/- | 50000/- | 5000/- | 2 |
| 5 | 32/18-19/18.3.19 | 82500/- | 75000/- | 7500/- | 3 |
| 6 | 33/18-19/18.3.19 | 55000/- | 50000/- | 5000/- | 2 |
| 7 | 34/18-19/18.3.19 | 55000/- | 50000/- | 5000/- | 2 |
| 8 | 36/18-19/18.3.19 | 110000/- | 100000/- | 10000/- | 4 |
| 9 | 39/18-19/21.3.19 | 82500/- | 75000/- | 7500/- | 3 |
| 10 | 40/18-19/18.3.19 | 27500/- | 25000/- | 2500/- | 1 |
| 11 | 41/18-19/21.3.19 | 82500/- | 75000/- | 7500/- | 3 |
| 12 | 45/18-19/28.3.19 | 110000/- | 100000/- | 10000/- | 4 |
| 13 | 47/18-19/22.3.19 | 82500/- | 75000/- | 7500/- | 3 |

| | | | | | |
|---|---|---|---|---|---|
| 14 | 50/18-19/22.3.19 | 55000/- | 50000/- | 5000/- | 2 |
| 15 | 51/18-19/22.3.19 | 82500/- | 75000/- | 7500/- | 3 |
| 16 | 55/18-19/25.3.19 | 82500/- | 75000/- | 7500/- | 3 |
| 17 | 56/18-19/28.3.19 | 27500/- | 25000/- | 2500/- | 1 |
| 18 | 57/18-19/28.3.19 | 55000/- | 50000/- | 5000/- | 2 |
| 19 | 58/18-19/28.3.19 | 82500/- | 75000/- | 7500/- | 3 |
| 20 | 59/18-19/28.3.19 | 27500/- | 25000/- | 2500/- | 1 |
| 21 | 60/18-19/28.3.19 | 82500/- | 75000/- | 7500/- | 3 |
| | ആകെ | 1457500 | 1325000 | 132500 | 53 |

2018-19ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ6.2.1. പ്രകാരം പശുവിനെ വാങ്ങുന്നതിന് നല്കാവുന്ന സബ്സിഡി പശുവിന്റെ വിലയുടെ 50% പരമാവധി 27,500/- രൂപയിൽ കവിയാതെയാണ്. ഇപ്രകാരം 53 ഗുണഭോക്താക്കൾക്കായി 2,500/- രൂപ നിരക്കിൽ 1,32,500/- രൂപ അധികം നൽകിയിട്ടുണ്ട്. ഓഡിറ്റ് അന്വേഷണത്തിന് ഇൻഷ്വർ ചെയ്ത തുക പശുവിന്റെ വിലയായി പരിഗണിച്ചില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ഉരുക്കളുടെ യഥാർത്ഥ വില സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം-4/2020 തീ.08.07.2020
തടസ്സപ്പെടുത്തുന്ന തുക- 1,32,500/- രൂപ

2) ക്ഷീരവികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'കറവപ്പശു വിതരണം-വ്യക്തിഗതം (വനിത)' പദ്ധതി വഴി 16 ക്ഷീര കർഷകർക്ക് കറവപ്പശുക്കളെ വാങ്ങിയതിനുള്ള സബ്സിഡി തുക 27,500/- രൂപ നിരക്കിൽ 4,40,000/- രൂപ പശുവിനെ വിറ്റവരുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. പദ്ധതി പരിശോധനയിൽ 50,000/- രൂപയ്ക്ക് പശുവിനെ വാങ്ങിയവർക്ക് 50% സബ്സിഡിയായ 25,000/- രൂപ നല്കുന്നതിന് പകരമാണ് 27,500/- രൂപ നല്കിയിട്ടുള്ളത്. 50,000/- രൂപയ്ക്കാണ് ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുള്ളത്.

| | |
|---|---|
| പ്രോജക്റ്റ് നം | 117/19, കറവപ്പശു വിതരണം - വ്യക്തിഗതം (വനിത) |
| ഫണ്ട് | വികസനഫണ്ട് ജനറൽ – 5,00,000/- രൂപ<br>ചെലവ് - 4,40,000/- രൂപ |
| ചെലവഴിച്ച | 27500/- ബിൽ നം 31/18-19/19.3.19 ; 55000/-രൂപ, ബിൽ നം 37/18-19/19.3.19 ; 55000/- |

| | |
|---|---|
| തുക | രൂപ, ബിൽ നം 38/18-19/19.3.19 ; 55000/-രൂപ, ബിൽ നം 42/18-19/19.3.19; 27500/-രൂപ, ബിൽ നം 59/18-19/28.3.19; 82500/-രൂപ, ബിൽനം-46/18-19/28.3.19; 82500/രൂപ, ബിൽ നം48/18-19/22.3.19; 55000/-രൂപ ബിൽനം-44/18-19/22.3.19. |

2018-19ലേക്ക് ബാധകമായ സബ്സിഡി മാർഗ്ഗ രേഖ (ജി.ഒ.(എം.എസ്)22/18 ത.സ്വ.ഭ.വ തീയതി.14-2-18) ഖ6.2.1. പ്രകാരം പശുവിനെ വാങ്ങുന്നതിന് നല്കാവുന്ന സബ്സിഡി പശുവിന്റെ വിലയുടെ 50% പരമാവധി 27,500/- രൂപയിൽ കവിയാതെയാണ്. എന്നാൽ മേൽ പദ്ധതിയിലെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ 50,000/- രൂപയ്ക്ക് ഇൻഷ്വർ ചെയ്തിട്ടുള്ളതായ പശുക്കളെ വാങ്ങിയതിന് 50% തുകയായ 25,000/- നല്കുന്നതിന് പകരം പരമാവധി സബ്സിഡി ആയ 27,500/- രൂപ നല്കിയിരിക്കുന്നു. ഇപ്രകാരം 16 ഗുണഭോക്താക്കൾക്കായി 2,500/- രൂപ നിരക്കിൽ 40,000/- രൂപ അധികം നൽകിയിട്ടുണ്ട്. ഉരുക്കളുടെ യഥാർത്ഥ വില സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവ്തുക തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് അന്വേഷണം നം. – 5/2020 തീ.8.7.2020
തടസ്സപ്പെടുത്തിയ തുക - 40,000/- രൂപ
*വാങ്ങൽ നടത്തുന്ന തുകയ്ക്ക് തന്നെ ഇൻഷ്വർ ചെയ്യേണ്ടതും പദ്ധതികളുടെ തുടർനിരീക്ഷണങ്ങൾ നടത്തേണ്ടതുമാണ്.

1-19 ലൈഫ് പദ്ധതികളിലുൾപ്പെട്ട വീടുകൾ പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ 2018-2019 വർഷം നിർവ്വഹണം നടത്തിയ 'ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട വീടുകളുടെ പൂർത്തീകരണം' എന്ന പദ്ധതിയിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ | | | 90/2018-19 |
| അടങ്കൽ | | | 39,91,333 |
| ചെലവ് | | | 39,75,000 |
| ചെലവ് | ബിൽ നം-സി.ബി.01/2018-'19 തീയതി. 18.06.2018 | 17,30,000 | |
| | ബിൽ നം-സി.ബി.02/2018-'19 തീയതി. 18.06.2018 | 2,80,000 | |
| | ബിൽ നം-സി.ബി.03/2018-'19 തീയതി. 21.08.2018 | 5,00,000 | |
| | ബിൽ നം-സി.ബി.04/2018-'19 തീയതി. 29.09.2018 | 6,05,000 | |
| | ബിൽ നം-സി.ബി.05/2018-'19 തീയതി. 29.09.2018 | 4,20,000 | |
| | ബിൽ നം-സി.ബി.06/2018-'19 തീയതി. 25.10.2018 | 1,90,000 | |
| | ബിൽ നം-സി.ബി.07/2018-'19 തീയതി. 23.11.2018 | 2,50,000 | |

2008-2009 മുതൽ 2015-2016 വരെ വിവിധ ഭവന നിർമ്മാണ പദ്ധതിയിലേർപ്പെടുകയും എന്നാൽ നിർമ്മാണം പൂർത്തീകരിക്കാൻ ബാക്കി നിൽക്കുന്നതുമായ 56 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായിരുന്നു 2017-2018, 2018-19 വർഷങ്ങളിൽ ലക്ഷ്യമിട്ടിരുന്നത്. 2017-18 ൽ 8 ലക്ഷം രൂപയും 2018-19 ൽ 39,75,000/-രൂപയും ഉൾപ്പടെ 47,75,000/-രൂപ ചെലവഴിച്ചിട്ടും ടി പദ്ധതിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 6

ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്. (ബ്ലോക്ക് വിഹിതം കൈപ്പറ്റിയവരുടെ വിശദാംശങ്ങൾ മാത്രമാണ് പരിഗണിച്ചിട്ടുള്ളത്)

| ക്രമ നമ്പർ | പേര് | തുക (രൂപ) |
|---|---|---|
| 1 | ശ്രീമതി സുമലത,<br>ബ്ലോക്ക് നമ്പർ 7,<br>മഹാഗണി, മടത്തറ | 30,000 |
| 2 | ശ്രീമതി മഞ്ജു,<br>ചരുവിള പുത്തൻവീട്,<br>ചിങ്ങേലി, കടയ്ക്കൽ | 30,000 |
| 3 | ശ്രീമതി ഉഷ,<br>ഈട്ടിവിളവീട്,<br>തൃക്കണ്ണാപുരം, കുമ്മിൾ | 30,000 |
| 4 | ശ്രീ രാജു,<br>നസീം മൻസിൽ,<br>കുന്നുംപുറത്തുവീട്,<br>കോട്ടൂർക്കോണം. | 60,000 |
| 5 | ശ്രീ തുളസീധരൻ,<br>ചരുവിള മേലതിൽ വീട്,<br>ചെറുവക്കൽ, ഇളമാട്. | 80,000 |
| 6 | ശ്രീമതി ഉഷാമണി,<br>കൊടിവിള പുത്തൻവീട്,<br>തുടയന്നൂർ, ഇട്ടിവ | 50,000 |
| ആകെ | | 2,80,000 |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിലേക്കായി നൽകിയ എൻക്വയറിക്ക് ചെലവഴിച്ച തുക RR നടപടികളിലൂടെ തിരികെ ഈടാക്കാനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ഭവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം 2,80,000/-രൂപ തിരികെ ഈടാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണരേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സത്തിൽവയ്ക്കുന്നു.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 03/20.7.2020 |
| തടസ്സപ്പെടുത്തുന്ന തുക | 2,80,000/- രൂപ |

1-20 കുടിവെള്ള പദ്ധതിക്കായി കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, 34,31,628 രൂപാ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ കുടിവെള്ള പദ്ധതിക്കായി കേരളാ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

1. പ്രോജക്ട് നം15/ 18-19, പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി

അടങ്കൽ തുക - 1313934/- രൂപ (വികസന ഫണ്ട് )

| ക്ര.നം | വിശദവിവരം | തുക | ബിൽനം |
|---|---|---|---|
| 1 | പുലിക്കോട് കോളനി (രണ്ടാം ഘട്ടം-) നിലമേൽ ഗ്രാമ പഞ്ചായത്ത്<br><br>എസ്റ്റിമേറ്റ് തുക – 443000 രൂപാ<br><br>2017-18 ൽ ഒടുക്കുവരുത്തിയിട്ടുള്ള തുക-250000 രൂപാ<br><br>ബാക്കിതുക-193300 രൂപാ | 1,93,300 | 41, 18-19 ,<br>തീയതി 31-08-18 |
| 2 | വണ്ടിപ്പുര ചൂരേലിക്കോണം കോളനി (രണ്ടാം ഘട്ടം-) നിലമേൽ ഗ്രാമ പഞ്ചായത്ത്<br><br>എസ്റ്റിമേറ്റ് തുക-528100 രൂപാ<br><br>2017-18 ൽ ഒടുക്കുവരുത്തിയിട്ടുള്ള തുക-250000 രൂപാ<br><br>ബാക്കിതുക-278100 രൂപാ | 2,78,100 | 41,18-19,<br>തീയതി 31-08-18 |
| 3 | പൂങ്കോട് ആല്യംമൂട് കോളനി കുടിവെള്ള പദ്ധതി | 8,42,534 | 91, 18-19<br>തീയതി 22-03-19 |
| | ആകെ | 13,13,934 | |

2. പ്രോജക്റ്റ് നം-128/ 18-19, പട്ടികജാതി കോളനികളിൽ കുഴൽകിണർ നിർമ്മിച്ച് ടാങ്കും പൊതുടാപ്പും സജ്ജീകരിക്കൽ.

അടങ്കൽ തുക - 21,86,066/- രൂപ (വികസനഫണ്ട് , എസ് സി പി)

ചിലവ് - 21,18,434/- രൂപാ

താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മിച്ച് ടാങ്കും പൊതുടാപ്പും സജ്ജീകരിക്കുന്നതിനായി ബിൽ നം 102/18-19, തീയതി 28-03-2019 പ്രകാരം 21,18,434 രൂപാ പിൻവലിച്ച് കേരളാ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിൽ ഒടുക്കുവരുത്തി .

| ക്രമ നം. | കോളനിയുടെ പേര് | തുക (രൂപ) |
|---|---|---|
| 1 | കങ്കാണി - വടക്കേവയൽ | 4,02,091 |
| 2 | കോമൺ പ്ലോട്ട് കോളനി | 4,23,369 |
| 3 | മുതയിൽ വാർഡ് | 4,61,825 |
| 4 | മഞ്ഞപ്പാറ - കൊല്ലൂർക്കോണം | 4,23,369 |
| 5 | വലിയപാറ ചരിവ് കോളനി | 4,07,780 |
| | ആകെ | 21,18,434 |

ടി പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച പൂർത്തീകരണ സാക്ഷ്യപത്രം, തുകയുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 5, തീയതി 13-07-2020) ടി പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ആയതിനാൽ ടി 2 പ്രോജക്ടുകൾ പ്രകാരം കേരള ഗ്രൗണ്ട് വാട്ടർ

ഡിപ്പാർട്ട്മെന്റിൽ ഒടുക്കുവരുത്തിയിട്ടുള്ള 34,32,368/- രൂപ തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - നം. 5, തീയതി 13-07-2020

തടസ്സപ്പെടുത്തുന്ന തുക - 34,32,368/- രൂപ.

1-21 ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല.

1. പ്രോജക്റ്റ് നം. - 29/18-19, കുമ്മിൾ പഞ്ചായത്തിലെ സംഭ്രമം വാർഡ് കരിക്കകത്തു കോളനി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷൻ കേരള വാട്ടർ അതോറിറ്റി.

അടങ്കൽ തുക - 500000/- രൂപ (വികസന ഫണ്ട് ,എസ് സി പി)

ചിലവ് – 500000/- രൂപ

ടി പ്രോജക്ടു പ്രകാരം കുമ്മിൾ പഞ്ചായത്തിലെ സംഭ്രമം കരിക്കകത്തു കോളനി കുടിവെള്ള പദ്ധതി ലൈൻ എക്സ്റ്റൻഷനുവേണ്ടി ബിൽ നം 23/18-19, തീയതി 26-07-2018 പ്രകാരം 500000 രൂപാ പിൻവലിച്ച് കേരളാ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തി. ടി സ്ഥാപനത്തിന്റെ 28-02-2020 ലെ വിനിയോഗ സാക്ഷ്യപത്രപ്രകാരം ചെലവ് 258119 രൂപായാണ്. ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന 2,41,881/- രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല. ചിലവഴിക്കാതെ കേരളാ വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന 2,41,881/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

2. പ്രോജക്റ്റ് നം. - 17/18-19, കിണർ നിർമ്മാണം (പട്ടിക വർഗ്ഗം) ഗ്രാമ പഞ്ചായത്തിന് വിഹിതം നല്കൽ

അടങ്കൽ തുക – 7,61,858/- രൂപ (വികസന ഫണ്ട് ,ടി എസ് പി)

ചെലവ് - 3,00,000/- രൂപ

ടിപ്രോജക്ടിന്റെ നിർവ്വഹണത്തിനായി ബിൽ നം 17/ 18-19 തീയതി 22-03-19 പ്രകാരം പിൻവലിച്ച് ചിതറ ഗ്രാമ പഞ്ചായത്തിനു നല്കിയ 3,00,000/- രൂപയിൽ ചിതറ ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുള്ള വിനിയോഗ സാക്ഷ്യപത്രപ്രകാരം 2,93,513/- രൂപാ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന 6,487/- രൂപ തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കു വരുത്തിയിട്ടില്ല. ആയതിനാൽ 6,487/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ആഡിറ്റ് അന്വേഷണം – 05/13-07-2020

തടസ്സപ്പെടുത്തുന്ന തുക - 2,48,368/- രൂപ (241881 + 6487)

1-22 ബ്ലോക്ക് ഓഫീസിന് ഡയസ് നിർമ്മാണവും ഫർണീച്ചറും - അപാകതകൾ.

പ്രോജക്ട് - ബ്ലോക്ക് ഓഫീസിന് ഡയസ് നിർമ്മാണവും ഫർണീച്ചറും( 88/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 1300000/- രൂപ (സംരക്ഷണ ഗ്രാന്റ്, റോഡിതരം)

ചെലവ്- 1300000/- രൂപ

ബിൽ നം. - 1/18-19 തീയതി - 21-06-2018

ടി പ്രോജക്ടിനായി ഉപകരണങ്ങൾ സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന് തീരുമാനിക്കുകയും ഇതുപ്രകാരം സിഡ്കോ, സെയിൽസ് എമ്പോറിയം കൊല്ലത്തിന്റെ പ്രൊഫോർമ ഇൻവോയിസ് ആവശ്യപ്പെടുകയും നം. 523 തീ – 16-12-2017, നം. 534 തീ - 16-12-2017 എന്നിവ പ്രകാരം ഇൻവോയിസ് ലഭ്യമാക്കുകയും ചെയ്തു. ഇതിൽ താഴെക്കൊടുത്തിരിക്കുന്ന നിർമ്മിതികൾ Rub wood നിർമ്മിതിയാണ് നല്കാമെന്ന് രേഖപ്പെടുത്തിയിരുന്നത്.

ഇൻവോയിസ് നം. – 534, തീ – 16-12-2017

Table Having 3 Seater (Rub wood of size 180x75x60)

having 3 Drawer 9 എണ്ണം 32100/- രൂപ നിരക്കിൽ

ഇൻവോയിസ് നം. – 523 dt, 14-12-2017ലെ ലെ ക്രമ നം. 1, 2, 3

| ക്ര. നം | ഇനം | നിരക്ക് (രൂപ) |
|---|---|---|
| 1 | Dias Table with 5 Drawer Size 300x75x75 made of Rub wood | 51300 |
| 2 | Plat form made of Rub wood | 49200 |
| 3 | Table having 2 Seater Rub wood | 19900 |

തുടർന്ന് ടി ഉപകരണങ്ങൾ റബ് വുഡ് മാറ്റി തേക്കിലോ, ആഞ്ഞിലി തടിയിലോ തീർത്ത ഉപകരണങ്ങൾ ഉൾപ്പെടുന്ന പ്രൊഫോർമ ഇൻവോയിസ് അയച്ചുതരുവാൻ സിഡ്കോയോട് ആവശ്യപ്പെടുകയുണ്ടായി.

ഫയലുകൾ പരിശോധിച്ചതിൽ ഇതേനമ്പരും തീയതിയും രേഖപ്പെടുത്തിയ പ്രൊഫോർമ ഇൻവോയിസിൽ റബ് വുഡ് മാറ്റി ആഞ്ഞിലി വുഡ് രേഖപ്പെടുത്തി മറ്റ് മാറ്റങ്ങളൊന്നുമില്ലാതെ ഇൻവോയിസ് നല്കി. 22-02-2018 ൽ B3-234/17 ആയി വിതരണ ഉത്തരവ് നല്കുകയും തുടർന്ന് സിഡ്കോയിൽ നിന്നും ഇൻവോയിസ് നം. SSEKLM/17-18/TI/326/DT-24-03-2018, SSEKLM./17-18/TI/327/DT-24-03-2018 എന്നിവ പ്രകാരം ഉപകരണങ്ങൾ വാങ്ങുകയും ബിൽ

നം. 1/18-19 തീ-21-06-2018 പ്രകാരം 1300000/- രൂപ പിൻവലിച്ച് സിഡ്കോയ്ക്ക് നല്കുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് താഴെക്കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) സിഡ്കോ ലഭ്യമാക്കിയ പ്രൊഫോർമ ഇൻവോയിസിലെ റബ് വുഡ് ഇനങ്ങൾക്ക് പകരം ആഞ്ഞിലി/തേക്ക് തടിയിലുള്ള ഇനങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച ഇൻവോയിസ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ റബ് വുഡ് എന്നതുമാറ്റി ആഞ്ഞിലിവുഡ് എന്ന് ഉൾപ്പെടുത്തി അതേ വിലവിവരം തന്നെ രേഖപ്പെടുത്തി അതേ നമ്പരും തീയതിയിലും പുതിയ പ്രൊഫോർമ ഇൻവോയിസ് നല്കിയിരിക്കുന്നു. ഒരേ നമ്പരിലും തീയതിയിലും വ്യത്യസ്ത പ്രൊഫോർമ ഇൻവോയിസ് ലഭ്യമായിട്ടുള്ളത് സ്ഥാപനത്തിന്റെ ഇൻവോയിസുകളുടെ ആധികാരികതയ്ക്ക് നിരക്കാത്തതാണ്.

2) ആഞ്ഞിലി തടികൊണ്ടുള്ള ഫർണീച്ചറുകൾക്കും, റബ്ബർ തടികൊണ്ടുള്ള ഫർണീച്ചറുകൾക്കും ഒരേ വില രേഖപ്പെടുത്തി പരിഷ്കരിച്ച പ്രൊഫോർമ ഇൻവോയിസ് നല്കിയിട്ടുള്ളത് വിശ്വാസയോഗ്യമല്ല.

3) സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ഫർണീച്ചറുകൾ വാങ്ങുമ്പോൾ GO.(RT) No26/2015/SPD/ DT 28-05-2015 ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന വിലയിൽ അധികരിക്കാൻ പാടില്ല എന്ന് 17-6-17ലെ ജി.ഓ (ആർ.ടി)നം.33/17/എസ്.പി.ഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 28-5-15ലെ ജി.ഓ (ആർ.ടി)നം.26/15/എസ്.പി.ഡി ഉത്തരവിൽ പരാമർശിച്ചിട്ടില്ലാത്ത ഉൽപ്പന്നങ്ങൾ ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങി. ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | ഇനം | വില (രൂപ) |
|---|---|---|
| 1 | Dias Table with 5 Drawer Size300x75x75 made of Anjili wood (51300 നിരക്കിൽ) | 51300 |
| 2 | Plat form made of Anjili wood(49200 നിരക്ക്) | 49200 |
| 3 | Table having 2 Seater Anjili wood<br>(10 എണ്ണം) (19900 നിരക്കിൽ) | 199000 |
| 4 | Table Having 3 Seater (Rub wood of size 180x75x60<br>having 3 Drawer (9 എണ്ണം) 32100 നിരക്കിൽ | 288900 |
| | ആകെ | 588400 |

3) വാങ്ങിയ ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16, തീയതി 17-07-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സർക്കാർ മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 588400/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. വാങ്ങിയ ഫർണീച്ചറുകൾ എല്ലാം തന്നെ ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് ഗുണനിലവാര പരിശോധന നടത്തേണ്ടതും അപാകതയുള്ള പക്ഷം തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. - 16/17-07-2020

തടസ്സപ്പെടുത്തുന്ന തുക - 588400/- രൂപ.

1-23 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

1). 2018-19 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില നാളിതുവരെ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12, തീയതി-15-07-20) ടിതുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയർ ഓഫീസിൽ കത്തുനല്കിയിട്ടുള്ളതാണെന്ന് മറുപടി ലഭ്യമാക്കി. 2018-19 സാമ്പത്തിക വർഷത്തിൽ ഇ ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

2) 2018-19 സാമ്പത്തിക വർഷത്തിൽ ഭാഗികബിൽ നല്കിയിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ റീടെൻഷൻ ഇനത്തിൽ ഈടാക്കിയിട്ടുള്ള 2.5% തുക തിരികെ കരാറുകാർക്ക് നല്കിയിട്ടില്ല. ഇപ്രകാരം റീടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാർക്ക് നല്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 12, തീയതി15-07-20) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുള്ള റീടെൻഷൻ തുക കരാറുകാർക്ക് നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്തു

നല്കിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. റീടെൻഷൻ ഇനത്തിൽ ഈടാക്കിയ തുക കരാറുകാർക്ക് തിരികെ നല്കി വിവരം അറിയിക്കേണ്ടതാണ്.

1-24 കള്ളിക്കാട് ആറ്റൂർക്കോണം റോഡ് നിർമ്മാണം, ചെലവഴിക്കാതെ ശേഷിക്കുന്ന തുക സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല.

പ്രോജക്ട് - കള്ളിക്കാട് ആറ്റൂർക്കോണം റോഡ് നിർമ്മാണം (125/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

അടങ്കൽ തുക - 1200000/- രൂപ (വികസന ഫണ്ട്)

ചെലവ് – 1200000/- രൂപ

ബിൽ നമ്പർ – 15/18-19, തീയതി - 22-12-2018

ടി പ്രോജക്ടിൻറെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ബിൽനമ്പർ-15/18-19, തീയതി-22-12-2018 പ്രകാരം 1200000/- രൂപാ പിൻവലിച്ച് ചടയമംഗലം ഗ്രാമപഞ്ചായത്തിന് കൈമാറി. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 11-12-2019 ലെ ബി1/4760/2019 ലെ വിനിയോഗ സാക്ഷ്യപത്രപ്രകാരം ഇതിൽ 11,47,703/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാതെ ശേഷിക്കുന്ന 52,297/- രൂപ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12, തീയതി-15-07-2020) അവശേഷിക്കുന്ന തുക തിരികെ ഗ്രാമ പഞ്ചായത്തിൽനിന്നും ഈടാക്കാം എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന 52,297/- രൂപ തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 12/15-07-2020

തടസ്സപ്പെടുത്തിയ തുക - 52,297/- രൂപ.

1-25 ഇട്ടിവാ പഞ്ചായത്തിൽ പാറക്കടവ് തോട്ടമുക്ക് വാർഡിലെ പ്രണവം ഗ്രന്ഥശാലാ ബലപ്പെടുത്തലും റൂഫിംഗും, പ്രവൃത്തി ഒന്നാം ഭാഗികബിൽ നല്കിയതിനുശേഷം തുടർ നിർമ്മാണം നടത്തിയിട്ടില്ല, 105318 രൂപാ തടസ്സപ്പെടുത്തുന്നു.

പ്രവൃത്തി - ഇട്ടിവാ പഞ്ചായത്തിൽ പാറക്കടവ് തോട്ടമുക്ക് വാർഡിലെ പ്രണവം ഗ്രന്ഥശാലാ ബലപ്പെടുത്തലും റൂഫിംഗും (122 /19)

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

അടങ്കൽ തുക – 803583/- രൂപ (വികസനഫണ്ട്)

ചിലവ് - 105318/- രൂപ

ബിൽ നം. – 23 /18-19, 27-03-2019

കരാറുകാരൻ - ശ്രീ ചന്ദ്രബോസ്, ശ്രീപഞ്ചമി, കോട്ടുക്കൽ,

കരാർ – AB/28/Ae/LSGD/CDLM/18-19, Ir22-01-2009

ടി പ്രവൃത്തിയുടെ ഒന്നാം ഭാഗിക ബിൽ 105318/- രൂപ, ബിൽ നം-23 18-19, 27-03-2019 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 14-01-2020 ലെ XI (8) നമ്പർതീരുമാന പ്രകാരം കരാറുകാരനായ ശ്രീ. ചന്ദ്രബോസിനെ ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഇനിവരുന്ന പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള സെലക്ഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചു. കൂടാതെ ടിയാനെതിരേ തുടർനടപടികൾസ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചു.

ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 06, തീ-13-07-20) ടി പ്രവൃത്തി 2020-21 ൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടില്ലെന്നും, പുതിയ പദ്ധതിയായി 2020-21ൽ ഉൾപ്പെടുത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും, കരാറുകാരന്റെ ഒന്നാം ഭാഗിക ബില്ലിലെ റീടെൻഷൻ തുക, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നല്കി.

പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതിനാൽ ഒന്നാം ഭാഗിക ബിൽ പ്രകാരം പിൻവലിച്ച 105318/- രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് അന്തിമ ബിൽ നല്കി, വിവരം അറിയിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം - 06/13-07-20

ഓഡിറ്റ് തടസ്സം – 105318/- രൂപ.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ഇല്ല.
-

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ഇല്ല.
-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ്/നമ്പർ/തീയതി |
|---|---|---|
| 2018-2019 | 19-07-19 | കെ.എസ്.എ.കെ.എൽ.എം-പി-3/1209/19/തീ. 15.11.19 |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഫണ്ട് വിവരം വ്യക്തമാക്കി വേർതിരിച്ച് ലഭ്യമാക്കിയിട്ടില്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ്, കൊല്ലം | എസ്, സി കോളനി കടിവെള്ള പദ്ധതി | 41/31.8.18<br>41/31.8.18 | 1,93,300<br>2,78,100 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | |
| കേരള വാട്ടർ അതോറിട്ടി, കൊട്ടാരക്കര | സമഗ്ര കോളനി കടിവെള്ള പദ്ധതി | 91/22.3.19<br>23/26.7.18 | 8,42,534<br>5,00,000 | 2,41,881/- രൂപ തിരികെ അടവാക്കാൻ ശേഷിക്കുന്നു. | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | തിയ്യതി | | തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ ഭവന വായ്പ | ജി.ഒ(എം.എസ്) നം-90/13/ത.സ്വ.ഭ.വ-14-03-2013 | 12,54,65,354 | 14,51,631 | 0 | 0 | 14,51,631 |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 29 | 2004-05 | II-14 | സമഗ്ര നെൽകൃഷി വികസനം - പവർ ടില്ലറും കൊയ്ത്ത് യന്ത്രവും പ്രയോജന രഹിതമാക്കി | ലഭ്യമല്ല |
| 1998-99 | 30 | 2004-05 | II-10 | പമ്പ് സെറ്റ് പാടശേഖരങ്ങളിലേക്ക് വിതരണം ചെയ്തില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 22,00,74,347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 16,71,36,251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 73,27,343 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,00,000/- | ഡോ. ശശി. കെ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വെളിനല്ലൂർ |
| 1-16 | 19,940/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-17 | 2128152/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-18 | 172500/- | ശ്രീമതി. പൗർണ്ണമി. സി. വി, ക്ഷീര വികസന ഓഫീസർ |
| 1-19 | 2,80,000/- | ശ്രീ. ജോൺ മാത്യു, പട്ടികജാതി വികസന ഓഫീസർ. |
| 1-20 | 34,32,368/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-21 | 248368/- | ശ്രീ. വിമൽ ചന്ദ്രൻ. ആർ, സെക്രട്ടറി |
| 1-22 | 588400/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-24 | 52,297/- | ശ്രീ. ഷാലു ആർ. എഫ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-25 | 105318/- | ശ്രീമതി. രശ്മി, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ക്യു.ഡി.ബി-1535(14)/14/08-07-14 |
| 1998-99 | എൽ.എഫ്.ക്യു.ഡി.ബി-1535(13)/14/08-07-14 |
| 2000-01 | എൽ.എഫ്.ക്യു.ഡി.ബി-1535(11)/14/08-07-14 |
| 2001-02 | എൽ.എഫ്.ക്യു.ഡി.ബി-1535(10)/14/08-07-14 |
| 2002-03 | എൽ.എഫ്.ക്യു.ഡി.ബി-1535(9)/14/08-07-14 |
| 2003-04 | എൽ.എഫ്.ക്യു.ഡി.ബി-1535(8)/14/08-07-14 |
| 2004-05 | എൽ.എഫ്.ക്യു.ഡി.ബി-1535(7)/14/09-07-14 |
| 2005-06 | എൽ.എഫ്.ക്യു.ഡി.ബി-1535(6)/14/09-07-14 |
| 2006-07 | എൽ.എഫ്.ക്യു.ഡി.ബി-1535(5)/14/09-07-14 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി-1535(4)/14/09-07-14 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി-1535(3)/14/09-07-14 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി-1535(2)/14/09-07-14 |
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി-1535(1)/14/09-07-14 |
| 2011-12 | എൽ.എഫ്.ക്യു.ഡി.ബി-370/14/ 16-09-14 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-1519/15/16-11-15 |
| 2014-15 & 2015-16 | കെ.എസ്.എ.കെ.എൽ.എം-ഡി.ബി-530/17/22-03-2027 |
| 2016-17 | കെ.എസ്.എകെ.എൽ.എം-പി-3/1953/2017/17-11-2017 |
| 2017-18 | കെ.എസ്.എകെ.എൽ.എം-പി-3/1938/2018/28-02-2019 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം-1

ഓഡിറ്റ്സാക്ഷ്യപത്രം

കെ.എസ്.എ.കെ.എൽ.എം/പി.3/824/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
ഫോൺ. 0474-2740141
തീയതി - 19.10.2020

## സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4- ാംവകുപ്പും,1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാംവകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ചടയമംഗലം ബ്ലോക്ക്പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ ഒഴിച്ചുനിർത്തിയാൽ എന്റെ അഭിപ്രായത്തിൽ വാർഷികധനകാര്യപത്രിക ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19-ലെ വരവ്-ചെലവുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-വകുപ്പും ജൂൺ 12ലെ ജി.ഒ.(പി). 319/2003/ ഫിൻ നമ്പർ സർക്കാർ ഉത്തരവും അനുസരിച്ചാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

അനുബന്ധം -2

അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.